(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഈ നടപടി പൊതുവിപണിയിൽ പഞ്ചസാര വിലയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ നടപടിയെത്തുടർന്ന് പൊതുവിപണിയിൽ പഞ്ചസാര വില വർദ്ധിക്കാതിരിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഇ) സംസ്ഥാനത്ത് റേഷൻ പഞ്ചസാര ലഭിച്ചിരുന്നവർക്ക് കുറഞ്ഞ വിലയ്ക്ക് പഞ്ചസാര ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) റേഷൻ പഞ്ചസാര വിതരണം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വർക്കായി മാത്രം പരിമിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതായി പത്രദ്വാരാ അറിയുവാൻ കഴിഞ്ഞു. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഉത്തരവ് ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

(ബി) കേന്ദ്രസർക്കാരിന്റെ തീരുമാനമായതിനാൽ കാരണങ്ങൾ വ്യക്തമായറിയില്ല.

(സി) തീരുമാനം നടപ്പാക്കിയിട്ടില്ലാത്തതിനാൽ വില വർദ്ധനവിനെക്കുറിച്ച് വിശദീകരിക്കുവാൻ നിർവാഹമില്ല.

(ഡി&ഇ) മാവേലി സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റ് എന്നിവയിൽക്കൂടി പൊതുകമ്പോളത്തിൽ നിന്നും പഞ്ചസാര വാങ്ങി വിതരണം ചെയ്തുവരുന്നു. മാത്രമല്ല, വാർഷിക കരാർ അടിസ്ഥാനത്തിൽ മഹാരാഷ്ട്ര, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നും പഞ്ചസാര കുറഞ്ഞ വിലയ്ക്ക് വാങ്ങി റേഷൻ കടകൾ വഴി വിതരണം നടത്തുന്നതിനുള്ള സാദ്ധ്യത ആരായുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2000-2001 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക

16 (*16) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുകയിൽ നിന്നും എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം മേഖലകളിലാണ് കാര്യമായ വെട്ടിക്കുറവ് വരുത്തിയിട്ടുള്ളത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ വർഷവും പദ്ധതിച്ചെലവിനത്തിൽ ലക്ഷ്യമിട്ടിരുന്നത് എത്ര തുക വീതമായിരുന്നുവെന്നും അതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രവീതം എന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കാലയളവിൽ ആളോഹരി പദ്ധതി ചെലവ് കേരളത്തിൽ എത്ര വീതം ആണ് ; ഇന്ത്യയിലെ മറ്റു പ്രധാന സംസ്ഥാനങ്ങളുടെ ആളോഹരി പദ്ധതി ചെലവ് എത്ര വീതമാണെന്നും വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ.നായനാർ) :

(എ&ബി) 2000-2001 സാമ്പത്തിക വർഷത്തേയ്ക്ക് 3535 കോടി രൂപ അടങ്കലുള്ള പദ്ധതി പ്ലാനിംഗ് കമ്മീഷൻ തത്വത്തിൽ അംഗീകരിച്ചെങ്കിലും വ്യക്തമായ വിഭവലഭ്യത കണക്കിലെടുത്ത് 3317 കോടി രൂപയുടെ 'കോർ' പ്ലാനിംഗ് അംഗീകാരം നൽകുകയും വിഭവ സമാഹരണം ഉറപ്പുവരുത്തുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 3535 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പദ്ധതി ചെലവിനത്തിൽ ലക്ഷ്യമിട്ടിരിക്കുന്ന തുകയും ചെലവാക്കിയ തുകയും താഴെ ചേർത്തിരിക്കുന്നു.

വർഷം (കോടി രൂപ)	പദ്ധതി തുക	ചെലവാക്കിയ തുക
1996-97	2200	2180
1997-98	2855	2868 (*)
1998-99	3100	3108 (*)
1999-2000	3250	2956 (*)
2000-2001	3535	1849.30 (*) (31-1-2001 വരെ)
	(* താൽക്കാലിക കണക്ക്)	

(ഇ) മറ്റ് സംസ്ഥാനങ്ങളിലെ ആളോഹരി പദ്ധതി ചെലവിനെ സംബന്ധിക്കുന്ന കണക്കുകൾ ലഭ്യമല്ല. കേരളത്തിലെയും എല്ലാ സംസ്ഥാനങ്ങളും ചേർന്നുള്ള കണക്ക് ചുവടെ കൊടുത്തിരിക്കുന്നു.

വർഷം	ആളോഹരി പദ്ധതി ചെലവ്	
	കേരളം	എല്ലാസംസ്ഥാനങ്ങളും കൂടി
1996-97	701	521
1997-98	910	620
1998-99	995	768
1999-2000 (താൽക്കാലികം)	918	812
	(തുക രൂപയിൽ)	

LIBRARY ARCHIVES Kerala Legislative Assembly